ओ३म्

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക – ദാർശനിക മാസിക


## DAYANANDA SANDESAM

*ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)*
*വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!*


പുസ്തകം : 9 ലക്കം : 5

സൃഷ്ടി സംവത്സരം 1972949121 കലിവർഷം 5121 വൈദിക സൗരമാസം : ഊർജ്ജ – സഹസ്
ചാന്ദ്രമാസം : കാർത്തിക – മാർഗ്ഗ ശീർഷം കൊല്ലവർഷം 1195 വൃശ്ചികം – ധനു 2019 നവംബർ

വാർഷിക വരിസംഖ്യ : ₹ 100/– ദീർഘകാലം : ₹ 1500/–

കാശി ശാസ്ത്രാർത്ഥം

### ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ

നവംബർ 4 : ഭായ് പരമാനന്ദ് ജന്മദിനം
നവംബർ 15 : മഹാത്മാ ഹൻസ്‌രാജ് നിർവാണദിനം
നവംബർ 16 : ആചാര്യ നരേന്ദ്രഭൂഷൻ നിർവാണദിനം
നവംബർ 20 : പഴശ്ശിരാജ രക്തസാക്ഷി ദിനം

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം!"

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



മണ്ഡലം 1 സൂക്തം 9

മധുച്ഛന്ദാ ഋഷിഃ ഇന്ദ്രോ ദേവതാ നിചൃത്
ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ
സുതേ സുതേ ന്യോകസേ ബൃഹത് ബൃഹത്|
ഇന്ദ്രായ ശൂഷമർചതി‖ (ഋഗ്വേദം 1.9.10)

**പദാർത്ഥം** : ഏതൊരാളാണോ (അരിഃ) സർവശ്രേഷ്ഠ ഗുണങ്ങളും ഉത്തമ സുഖങ്ങളും പ്രാപിക്കാവുന്ന വിദ്വാനായ മനുഷ്യനും (സുതേസുതേ) ഉൽപ്പന്നമായ എല്ലാ പദാർത്ഥങ്ങളിലും (ബൃഹതെ) സമ്പൂർണ്ണ ശ്രേഷ്ഠഗുണങ്ങളിലും മഹാനും എല്ലാറ്റിലും വ്യാപിച്ചവനും (ന്യേകസേ) നിശ്ചിതമായ നിവാസ സ്ഥാനമുള്ളവനും (ഇത്) ആ (ഇന്ദ്രായ) പരമേശ്വരനായി തന്റെ (ബൃഹത്) എല്ലാ പ്രകാരത്തിലും വലിയതായ (ഗൂഷമ്) ബലവും സുഖവും (ആ) നല്ല പ്രകാരത്തിൽ (അർചതി) സമർപ്പണം ചെയ്യുന്നത്, അദ്ദേഹമാണ് ബലവാൻ ആയിരിക്കുന്നത്.

**ഭാവാർത്ഥം** : എപ്പോഴാണോ ശത്രുവും കൂടി മനുഷ്യരിൽ എല്ലാ വ്യാപകനും മംഗളമയനും ഉപമാരഹിതനുമായ പരമേശ്വരനായി നമ്രരായിത്തീരുന്നത്, അപ്പോൾ ഈശ്വരന്റെ ആജ്ഞയിലും ഉപാസനയിലും വർത്തിക്കുന്ന മനുഷ്യൻ ഈശ്വരനോട് എങ്ങനെയാണ് നമ്രനാവാതിരിക്കുക? അത്തരത്തിൽ ഉള്ളവർ മാത്രമാണ് വലിയ വലിയ ഗുണങ്ങളാൽ മഹാത്മാവായിത്തീർന്ന് എല്ലാവരുടെയും സൽക്കാരത്തിന് യോഗ്യനായിത്തീരുന്നത്, അവർമാത്രമാണ് വിദ്യയുടെയും ചക്രവർത്തിരാജ്യത്തിന്റെയും ആനന്ദത്തെ പ്രാപിക്കുന്നത്, അതിന് വിപരീതമായിട്ടുള്ളവർക്ക് ആ ആനന്ദത്തെ ഒരിക്കലും പ്രാപിക്കാനാവില്ല.

ഈ സൂക്തത്തിൽ ഇന്ദ്രശബ്ദത്തിന്റെ അർത്ഥത്തിന്റെ വർണ്ണന ഉത്തമോത്തമധനാദികളുടെ പ്രാപ്തി എന്ന അർത്ഥത്തിലും ഈശ്വര പ്രാർത്ഥനയും സ്വന്തം പുരുഷാർത്ഥം ചെയ്യാനുള്ള ആജ്ഞയുടെ പ്രതിപാലനം ചെയ്യുന്നതിനാൽ ഈ ഒമ്പതാം സൂക്തത്തിന്റെ അർത്ഥം എട്ടാം സൂക്തത്തിന്റെ അർത്ഥത്തോട് ചേർന്നു നിൽക്കുന്നു എന്നറിയണം.

ഈ സൂക്തത്തിന്റെ അർത്ഥവും സായണാചാര്യർ തുടങ്ങിയ ആര്യാവർത്തീയരും വിൽസൺ തുടങ്ങിയ ഇംഗ്ലീഷുകാരും സർവഥാ മൂലഗ്രന്ഥത്തിനു വിരുദ്ധമായാണ് വർണ്ണിച്ചിരിക്കുന്നത്. ഇതോടെ ഒമ്പതാം സൂക്തം സമാപിച്ചു.

(മഹർഷി ദയനാന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്

(തർജ്ജമ : കെ. എം.രാജൻ)

അഭീമം മഹിമാ ദിവം വിപപ്രോ ബഭൂവ സപപ്രഥാഃ (യജുർവേദം 38.17)
ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക-ദാർശനിക മാസിക

പുസ്തകം : 9 ലക്കം 05

**സൃഷ്ടി സംവത്സരം 1972949121 കലിവർഷം 5121 വൈദിക സൗരമാസം : സഹസ്-സഹസ്യ**
**ചാന്ദ്രമാസം : കാർത്തിക - മാർഗ്ഗശീർഷം കൊല്ലവർഷം : 1195 വൃശ്ചികം - ധനു 2019 നവംബർ**



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി.ആർ. ബാലചന്ദ്രൻ നായർ
വി. ഗോവിന്ദദാസ്
വ്യവസ്ഥാപകൻ: ശ്രീ.സി.പി മുരളീധരൻ


**താളുകൾ മറിക്കുമ്പോൾ**


| | |
|---|---|
| വേദാദ്ധ്യായനം | 2 |
| മുഖവാണി | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | 5 |
| മനുസ്മൃതി | 6 |
| പുരാണങ്ങൾ : സത്യവും, മിഥ്യയും | 7 |
| ദ്രൗപദിയും പഞ്ചപതിയും | 8 |
| ജീവിതം ഒരലയാഴി | 9 |
| യോഗദർശനം | 10 |
| അഷ്ടാധ്യായി പ്രവേശിക | 11 |
| വ്യവഹാര ഭാനുഃ | 12 |
| വേദങ്ങളെ അറിയുക | 13 |
| അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം | 14 |
| കാശി ശാസ്ത്രാർത്ഥം | 15 |
| വേദപുഷ്പങ്ങൾ | 17 |



**വിലാസം**
ദായനന്ദ സന്ദേശം, ആര്യസമാജം
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ
വെള്ളിനേഴി തപാൽ, പാലക്കാട് - 679 504
Ph : 7907077891, 9446017440
Email :dayanandasandesham@gmail.com
Vist Us : www.aryasmajkerala.org.in


# മുഖവാണി

## ആരാണ് ഈശ്വരൻ?

(തുടർച്ച)



വിഗ്രഹങ്ങൾ ഉണ്ടാക്കി ആരാധിക്കുന്നത് സരളമെന്നു കരുതുന്നതിനാൽ ബഹു ഭൂരിപക്ഷം ഹിന്ദുക്കളും ഈശ്വരനെ സർവ്വശക്തിമാനായ പരംപൊരുളായി കരുതുന്നു. അതോടൊപ്പം തന്നെ അദ്ദേഹത്തിന്റെ വിവിധ രൂപത്തിലുള്ള അവതാരങ്ങൾ ഉള്ളതായും അതിനു സാദൃശ്യമായ വിഗ്രഹങ്ങൾ ഉണ്ടാക്കി പൂജകൾ ചെയ്യുന്നവരുമാണ്. ഏകനും സർവ്വശക്തനുമായ ഈശ്വരന്റെ പ്രതിനിധികളായാണ് ഇവർ ഈ വിഗ്രഹങ്ങളെ കാണുന്നത്. ഇപ്രകാരം ഈശ്വരനെ സർവ്വവ്യാപിയും സർവ്വശക്തനുമായി കാണുന്നതോടൊപ്പം അദ്ദേഹത്തിന്റെ അവതാരങ്ങളായി ശ്രീരാമൻ, ശ്രീകൃഷ്ണൻ തുടങ്ങിയവരെ കാണുകയും ചെയ്യുന്നതെങ്ങനെയാണോ അതേപോലെയാണ് ക്രിസ്തുമതക്കാരുടെ വിശ്വാസങ്ങളും. അവരും ഒരു തരത്തിൽ ത്രിമൂർത്തി സങ്കല്പത്തിൽ വിശ്വസിക്കുന്നവരാണ്. സ്വർഗത്തിൽ

**അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)**
**ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.**

സിംഹാസനത്തിലിരിക്കുന്നവനാണ് ക്രിസ്ത്യാനികളുടെ ദൈവം. പിതാവും പുത്രനും പരിശുദ്ധാത്മാവും എന്നൊക്കെയാണവരുടെ സങ്കല്പം. ക്രിസ്ത്യാനികൾ ഏക ദൈവ വിശ്വാസികളാണെന്നു പറയുന്നുണ്ടെങ്കിലും വാസ്തവത്തിൽ അവരും ദൈവത്തിന്റെ ത്രിത്വത്തിൽ വിശ്വസിക്കുന്നവരാണ്. ഹിന്ദുക്കൾക്ക് ഈ ത്രിത്വം സ്വൽപം വ്യത്യസ്തമാണ്. ക്രിസ്തുമതത്തിലെ ത്രിത്വവുമായി ഹിന്ദു ദേവീദേവന്മാരെ താരതമ്യം ചെയ്താൽ ഹിന്ദുക്കളുടെ ഇടയിൽ വിവിധ സമയങ്ങളിൽ ഈ ത്രിത്വവും ഒരേ സമയത്ത് ഒരവതാരവും കാണാൻ കഴിയും.

പൗരാണിക ഹിന്ദുവിശ്വാസങ്ങൾ ഈ വൈവിധ്യം നിലനിർത്തുമ്പോൾ വേദങ്ങൾ വർണ്ണിക്കുന്നത് ഒരേ ഒരു ഈശ്വരനെയാണ്. അദ്ദേഹത്തിന് ഒരു രൂപമോ അവതാരമോ ഇല്ല. പരമ ചൈതന്യമാണത്. വേദങ്ങളിലും ഉപനിഷത്തുകളിലും ബ്രഹ്മം എന്ന പേരിലാണ് ഈശ്വരൻ അറിയപ്പെടുന്നത് എന്നാൽ പുരാണങ്ങളിൽ സൃഷ്ടികർത്താവായ ബ്രഹ്മാവും സൃഷ്ടി നിയന്ത്രിക്കുന്നതായ വിഷ്ണുവും സംഹാരം നടത്തുന്നവനായ ശിവനും എന്നിങ്ങനെ കാണുന്നു. വേദാദി സത്യശാസ്ത്രങ്ങളനുസരിച്ച് ഈശ്വരന്റെ വ്യത്യസ്ത നാമങ്ങളാണ് ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നിവ ഇവരെ വിഗ്രഹരൂപത്തിലാണ് പൗരാണികർ ആരാധിക്കുന്നത്. പുരാണങ്ങളുടെ വിവരണങ്ങളനുസരിച്ച് ധർമ്മപരിപാലനത്തിനായി വിഷ്ണു ഇടക്കിടക്ക് ഭൂമിയിൽ അവതരിക്കുന്നുണ്ട്. പാൽക്കടലിൻ മധ്യത്തിൽ ഒഴുകി നടക്കുന്ന ശേഷനാഗത്തിന്റെ പുറത്താണ് ഈ വിഷ്ണുവിന്റെ വിശ്രമം എന്നു കരുതുന്നു. അദ്ദേഹത്തിന്റെ നാഭിയിൽ നിന്നും ബ്രഹ്മാവ് ഉണ്ടാകുന്നു. രത്നങ്ങളും വിലമതിക്കാനാവാത്ത മുത്തുകളും മറ്റുമുള്ള വൈകുണ്ഠമാണ് വിഷ്ണുവിന്റെ നിവാസസ്ഥാനം എന്ന് പൗരാണിക ഹിന്ദുക്കൾ കരുതുന്നു.

ഭാരതത്തിൽ ക്രമേണ രൂപം കൊണ്ട മറ്റൊരു ദർശനമനുസരിച്ച് ബ്രഹ്മാവും ജീവാത്മാവും ഒന്നാണ് അവ വ്യത്യസ്തമല്ല. ആത്മാവ് എന്നു പറയുന്നത് ഈശ്വരാംശമായി ഇവർ കരുതുന്നു. മായ എന്ന ആവരണം കാരണം ആത്മാവ് താൻ ബ്രഹ്മം ആണെന്ന് അറിയുന്നില്ല. ഈശ്വരന്റെ യഥാർത്ഥ സ്വരൂപം അറിഞ്ഞ് ആത്മാവ് ഈശ്വരനുമായി ലയിക്കുന്നതാണ് പരമലക്ഷ്യം എന്നിവർ വിശ്വസിക്കുന്നു അദ്വൈതദർശനമെന്നാണീ ചിന്താധാരയുടെ പേര്. ശങ്കരാചാര്യരുടെ സിദ്ധാന്തങ്ങളെ പിന്തുടരുന്നവരാണിവർ. ശങ്കരമതമനുസരിച്ച് ബ്രഹ്മം മാത്രമേ സത്യമായുള്ളു.

(തുടരും)

**ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16. 41)**

**മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.**



(മുൻലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി

തർജ്ജമ : കെ. എം. രാജൻ

## അദ്ധ്യായം : 4 വേദവിഷയവിചാരഃ

**അ**ത്ര ചത്വാരോ വേദവിഷയാഃ സന്തി, വിജ്ഞാനകർമ്മോപാസനജ്ഞാനാകാണ്ഡഭേദാത. (നാത്ര വേദക്രമാനുസാരം വിജ്ഞാനാദീനാം ക്രമോ/ഭിപ്രേതഃ|യതോ ഹി ഗ്രന്ഥകാരഃ സ്വയം പ്രതിജ്ഞാ വിഷയേ പ്രശ്നോത്തര വിഷയേ ച ഋഗ്വേദേ ജ്ഞാനകാണ്ഡം, യജുർവേദേ കർമ്മകാണ്ഡം, സാമവേദ ഉപാസനാകാണ്ഡം, അഥർവ്വവേദേ ച വിജ്ഞാനകാണ്ഡമസ്തീതി വക്ഷ്യതി| തത്ര കാഠകബ്രാഹ്മണമപി ചതുർണാം വേദാനാം വിഷയമുപർണ്ണയന്നാഹ-

യദേനമൃഗ്ഭിഃ ശംസന്തി, യജുർഭിർയജന്തി, സാമഭി സ്തുവന്തി, അഥർവ്വഭിർജപന്തി| ദ്ര-ഡോ. കലാണേധ സമ്പാദിതം കാഠകബ്രഹ്മണസംകലനഹ വൈ.വാ. ഇതിഹാസ, ബ്രാഹ്മണ - ആരണ്യകഭാഗം പേജ് 269ൽ നിന്ന് ഉദ്ധരിച്ചത്) തത്രാദിമോ വിജ്ഞാന വിഷയോ ഹി സർവ്വേഭ്യോ മുഖ്യോസ്തി| (വിജ്ഞാനകാണ്ഡസ്യ പ്രാധാന്യം ഗ്രന്ഥകാരഃ പ്രതിജ്ഞാവിഷയേ/പി പ്രതിപാദയിഷ്യതി - 'ഏവം കാണ്ഡത്രയേണ ബോധാന്നിഷ്പത്ത്യുപകാരോ ഗൃഹ്യേതേ തച്ച വിജ്ഞാനകാണ്ഡമിതി') തസ്യ പരമേശ്വരാദാരഭ്യ തൃണപര്യന്തപദാർത്ഥേഷു സാക്ഷാദ് ബോധാന്വയത്വാത്। തത്രപീശ്വരാനുഭവോ മുഖ്യോ/സ്തി| കുതഃ? അത്രൈവ സർവ്വേഷാം വേദാനാം താൽപ്പര്യമസ്തി, (ഏതസ്മിൻ വിഷയ ഉത്തരത്ര വക്ഷ്യതേ വിശേഷേണ।) ഈശ്വരസ്യ ഖലു സർവ്വേഭ്യഃ പദാർത്ഥേഭ്യഃ
പ്രധാനത്വാത്। അത്ര പ്രമാണാനി -

**സർവ്വേ വേദാ യത്പദമാമനന്തി**
**തപാംസി സർവ്വാണി ച യദ് വദന്തി|**
**യദിച്ഛന്തോ ബ്രഹ്മചര്യം ചരന്തി തത്തേ**
**പദം സംഗ്രഹേണ ബ്രവീമ്യോമിത്യേതത്||**

(കഠോപനിഷത്ത്, വല്ലി2, മന്ത്രം15)

(തുടരും)

*വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9.18)*
*വിപ്രൻ സത്യവ്രതനും അമരനുമാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ : കെ.എം. രാജൻ

**വ**ർണാശ്രമധർമ്മത്തിന്റെ രൂപത്തിൽ വ്യക്തി, സമാജം എന്നിവയ്ക്ക് ഹിതകാരിയായി ധർമ്മം, നൈതിക കർത്തവ്യങ്ങൾ, മര്യാദകൾ, ആചരണങ്ങൾ എന്നിവയുടെ വിവരണങ്ങളോടൊപ്പം ശ്രേഷ്ഠസമാജ വ്യവസ്ഥക്കു വേണ്ടുന്ന നിയമങ്ങളുടെ നിർധാരണം കൂടിയുണ്ട് മനുസ്മൃതിയിൽ. കൂടാതെ മാനവർക്ക് മുക്തി നേടുന്നതിനാവശ്യമായ ആധ്യാത്മിക ഉപദേശങ്ങളുടെ നിരൂപണവും ഇതിലുണ്ട്. ഭൗതികവും ആദ്ധ്യാത്മികവുമായ പാഠങ്ങൾ ചേർന്ന വിശിഷ്ടമായ ഒരു ധർമ്മശാസ്ത്രമാണിത്. ഇപ്രകാരം ഇത് വ്യക്തികൾക്കും സമാജത്തിനും വേണ്ടുന്ന ധർമ്മശാസ്ത്രവും ആചാരശാസ്ത്രവുമാണ്. അതോടൊപ്പം സാമൂഹ്യ വ്യവസ്ഥകളെ നല്ലനിലയിൽ നിലനിർത്തുന്നതിനുള്ള ഭരണഘടന കൂടിയാണത്. ലോകത്തിലെ ആദ്യഭരണഘടന എന്ന് ഇതിനെ വിശേഷിപ്പിക്കാം.

മനുസ്മൃതിക്ക് ഇത്രയും മഹത്വവും ജനമനസ്സുകളിൽ പ്രചാരവും ലഭിക്കാനിടയായ കാരണം ഇതിൽ വ്യക്തി, സമാജം എന്നിവയ്ക്ക് ഹിതകാരിയും വ്യാവഹാരികവും യുക്തിയുക്തവുമായ വിധിവിധാനങ്ങളുള്ളതിനാലാണ്. സർവ്വ പ്രാചീനവും ഏറ്റവും അധികം അംഗീകരിക്കപ്പെടുന്നതും ശ്രദ്ധേയവുമായതിനാൽ വേദങ്ങളാണ് സമസ്ത ഭാരതീയ സാഹിത്യങ്ങളുടേയും സംസ്കൃതിയുടേയും മൂലസ്രോതസ്സ്. അതുകൊണ്ടാണ് മനുവും പ്രധാനമായി തന്റെ സ്മൃതിക്ക് ആധാരം വേദങ്ങളാണെന്ന് പറഞ്ഞത്. അദ്ദേഹത്തിന്റെ ദൃഢവിശ്വാസമാണ് 'വേദോഽഖിലോധർമ്മമൂലം' ( മനുസ്മൃതി 2.6) അതായത് ധർമ്മത്തിന്റെ മൂലാധാരം വേദം തന്നെയാണ്.

മനു തന്റെ സ്മൃതിയിൽ വർണാശ്രമധർമ്മങ്ങളുടെ രൂപത്തിൽ വ്യക്തികൾക്കും സമാജത്തിനും ഹിതകാരിയായ ധർമ്മകർത്തവ്യങ്ങളുടെ വിധാനങ്ങളുടെ വർണന വേദങ്ങളെ ആധാരമാക്കിയാണ് ചെയ്തിരിക്കുന്നത്(2.8-9).

(തുടരും)

**ഈശ്വവാസ്യമിദം സർവ്വം (യജു. 40.1)**
**ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.**

(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ ; സത്യവും മിഥ്യയും

കെ. എം. രാജൻ

**അദ്ധ്യായം 3** **പൗരാണിക ആഖ്യാനങ്ങളുടെ അനുക്രമണിക**

**13 സ്കന്ദപുരാണം** (തുടർച്ച) **എൺപത്തൊന്നായിരം ശ്ലോകങ്ങൾ ഉണ്ടിതിൽ.**

1. ദക്ഷയജ്ഞവിധ്വംസനം, 2.സമുദ്രമഥനം, 3.വൃത്രാസുരവധം, 4.ബലിബന്ധനം 5.ശിവഗൗരീവിവാഹം, 6.കാർത്തികേയജനനം, 7.താരകാസുരവധം, 8.ശിവപാർവ്വതിമാരുടെ ചൂതുകളി, 9.കുപിതനായ ശങ്കരന്റെ വനഗമനം (കേദാരഖണ്ഡം), 10. അപ്സരസ്സുകളുടെ ഉദ്ധാരം, 11. പാർവതിയുടെ ജനനകഥ, 12.സോമനാഥമാഹാത്മ്യം, കൗരവ-പാണ്ഡവയുദ്ധം 13. മഹിഷാസുരവധം, 14.വെങ്കടാചല മാഹാത്മ്യം, 15.സീതാപഹരണകഥ, 16.ഛായാരൂപസീത (മാഹേശ്വരഖണ്ഡത്തിൽ വരുന്ന കൗമാരികാഖണ്ഡം), 17. തുളസീവിവാഹം 18. മദനദഹനകഥ, 19.കാർത്തികേയ ജന്മകഥ, 20. ഭൂ-വരാഹ ആഖ്യാനം (വൈഷ്ണവ ഖണ്ഡം) 21. സീമന്തിനി ഭദ്രായുവിന്റെ കഥ, 22. ശിവഗൗരീ വിവാഹം, 23. കാർത്തികേയന്റേയും ശ്രീയാല രാജാവിന്റേയും ആഖ്യാനം (ബ്രഹ്മോത്തരഖണ്ഡം), 24.പുരൂരവസ്-ഉർവശീകഥ, 25. സത്യനാരായണകഥ (രേവാഖണ്ഡം).

**14. വാമനപുരാണം (95 അദ്ധ്യായങ്ങൾ)**

1 .ശിവ-പാർവതീ ചരിത്രം, 2. നര-നാരായണ ഉല്പ്പത്തി, 3. വീരഭദ്രന്റെ ഉൽപ്പത്തി, 4. മദന ദഹനകഥ (അദ്ധ്യായം 5-6), 5. ദേവ -ദാനവയുദ്ധം, 6. അന്ധകാസുരന്റെ കഥ, 7. സുകേശിയുടെ കഥ, 8. മഹിഷാസുരന്റെ കഥ (അദ്ധ്യായം 7-20), 9. ഉമയുടെ ജന്മം, 10. ബല ആഖ്യാനം (അദ്ധ്യായം 21-42), 11. വേനചരിതം, 12. ശിവ പാർവ്വതീ വിവാഹം, 13. വിനായകന്റെ ഉല്പത്തി, 14. ചണ്ഡ- മുണ്ഡവധ കഥ , 15. കാർത്തികേയജനനം, 16. താരകോപാഖ്യാനം, 17. ദണ്ഡോപാഖ്യാനം, 18. ചിത്രാംഗദാ വിവാഹം, 19. ജംഭാസുര വധം, 20. അന്ധക പരാജയം, 21. മരുത്തുക്കളുടെ ഉൽപ്പത്തി, 22. കാലനേമീവധം (അദ്ധ്യായം 43-73) 23.ധുംധു ദൈത്യപരാജയം 24. പുരൂരവസിന്റെ ആഖ്യാനം, 25. ശ്രീരാമചരിതം 26. ഗജേന്ദ്രമോക്ഷം കഥ (അദ്ധ്യായം 74-88), 27. വാമനാവതാരചരിതം (അദ്ധ്യായം 89-95)

**15. കൂർമ്മപുരാണം (പൂർവഭാഗം 58+ഉത്തരഭാഗം 46)**

1. ശങ്കരചരിതം, 2. ഭക്ഷയജ്ഞവിധ്വംസനം 3. ശ്രീകൃഷ്ണചരിതം, 4. വ്യാസ- ജൈമിനികഥ (പൂർവഭാഗം)

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ.*

(മുൻ ലക്കത്തിന്റെ തുടർച്ച)



# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ : കെ. എം. രാജൻ

3. **അർജ്ജുനൻ** ലക്ഷ്യഭേദനം ചെയ്തശേഷം യുധിഷ്ഠിരൻ, നകുലൻ, സഹദേവൻ എന്നിവരുമായി പോകുന്നതായി പറയുന്നതു നോക്കൂ

**തസ്മിംസ്തു ശബ്ദേ മഹതി പ്രവൃദ്ധേ,**
**യുധിഷ്ഠിരോ ധർമ്മവർത്താ വരിഷ്ഠഃ|**
**ആവാസമേവോപ ജഗാമ ശ്രീഘ്രം സാർധം,**
**യമാഭ്യാം പുരുഷോത്തമാഭ്യം||**

(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 187 ശ്ലോകം 26)

**ഭാവാർത്ഥം:-** ആ സമയം (ലക്ഷ്യവേധത്തിനു ശേഷം വൻ കോലാഹലം വർദ്ധിക്കാൻ തുടങ്ങിയപ്പോൾ ധർമ്മാത്മാക്കളിൽ ശ്രേഷ്ഠനായ യുധിഷ്ഠിര പുരുഷോത്തമൻ നകുലൻ, സഹദേവൻ എന്നിവർക്കൊപ്പം (ആവാസം ഏവ) താമസസ്ഥലത്തേക്ക് അതായത് കുംഭാരന്റെ വീട്ടിലേക്ക്- കുന്തിയുടെ അടുത്തേക്ക് പോയി .പാണ്ഡവൻമാർ സ്വയംവര സഭയിൽ പോയ സമയത്ത് അവരുടെ മാതാവ് കുന്തീദേവിയുടെ അവസ്ഥയെന്തായിരുന്നുവെന്ന് നോക്കാം.

**പൗർണമാസ്യാം ധർനർമുക്തൗ ചന്ദ്രസൂര്യാ വിവോദിതൗ। തേഷാം മാതാ ബഹുവിധം, വിനാശം പര്യചിന്തയത||**

**അനാഗച്ഛത്സു പുത്രേഷു ഭൈക്ഷകാലെ/ഭിഗച്ഛതി| ധാർത്തരാഷ്ട്രർഹതാ ന സ്യുർ വിജ്ഞായ കുരുപുംഗവാഃ। മായാൻവിതൈർവാ രക്ഷോഭിഃ സുധൗരൈർദൃഢ വൈരിഭിഃ|**

(മഹാഭാരതം ആദിപർവം അദ്ധ്യായം 189 ശ്ലോകം 43,44,45)

**ഭാവാർത്ഥം :-** പൗർണമി നാളിൽ മേഘങ്ങളാകുന്ന കുടങ്ങളിൽ നിന്ന് പുറത്തുകടന്ന് ചന്ദ്രനും സൂര്യനും പ്രകാശിച്ചുകൊണ്ടിരിക്കുന്നതുപോലെ ഭിക്ഷയുടെ സമയം കഴിഞ്ഞും തന്റെ പുത്രൻമാർ സ്വയംവര പരിപാടി കഴിഞ്ഞ് മടങ്ങിവരാത്തതു കണ്ട് അവരുടെ മാതാവായ കുന്തീദേവി സ്നേഹാധിക്യം മൂലം അനേകം ചിന്തകളിൽ മുഴുകി. ധൃതരാഷ്ട്രരുടെ പുത്രൻമാർ തന്റെ മക്കളെ തിരിച്ചറിഞ്ഞ് അവർക്കെന്തെങ്കിലും ആപത്തു വരുത്തിയിട്ടുണ്ടാവുമോ? അല്ലെങ്കിൽ ദൃഢതാപൂർവ്വം വൈരഭാവത്തെ മനസ്സിൽവെക്കുന്ന മഹാഭയങ്കരൻമാരായ മായാവികളായ രാക്ഷസൻമാർ തന്റെ മക്കളെയെങ്ങാനും വധിച്ചിട്ടുണ്ടാവുമോ? ഇത്തരത്തിലുള്ള ചിന്തകൾ അവരെ അലട്ടി. മേൽകൊടുത്ത ശ്ലോകങ്ങളിൽ നിന്നത് വ്യക്തമാവും. പുത്രൻമാരെ കാണാത്തതിൽ കുന്തി ഏറെ വ്യാകുലയായിരുന്നു. അവരുടെ മനസ്സിൽ ഭയാശങ്കകൾ ഉണ്ടായിരുന്നു.

(തുടരും)

**യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)**
**ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ**

(മുൻലക്കത്തിന്റെ തുടർച്ച)



# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

"**താങ്കൾ** ചെയ്ത ഉപകാരത്തിന്...... പ്രത്യുപകാരം...... ഈ ലോകത്തിൽ....... തപ്പിനോക്കിയാൽ കിട്ടില്യ.......... അതിനിതേ..........എന്റെ കൈയ്യിലുള്ളു" എന്ന് വിക്കിവിക്കി, ഗദ്ഗദകണ്ഠനായി പറഞ്ഞ് രാമകൃഷ്ണനെ കെട്ടിപ്പിടിച്ച് അശ്രുഗംഗാജലധാരയാൽ അഭിഷിക്തനാക്കി സ്വന്തം ആന്തര ലോകചക്രവർത്തിയാക്കി. ഗാഡിന്റെ പച്ചക്കൊടി കണ്ടപ്പോൾ വണ്ടി ചൂളം മുഴക്കി മുന്നോട്ടാഞ്ഞു. രാമകൃഷ്ണന്റെ കരവലയബന്ധനത്തിൽ നിന്ന് മുക്തനായി, ധൃതിയിൽ പുറത്തിറങ്ങി. വിരാഗിയും നിരഹംഭാവിയുമായി ചിരിച്ച് കൈകൂപ്പി യാത്രയാക്കി

## അദ്ധ്യായം 6

ബോഗിക്കകം നിറഞ്ഞിരിക്കുകയാണ്. പൂഴിവാരിയിട്ടാൽ താഴെ വീഴില്ല. അത്രയ്ക്കുണ്ട് തിരക്ക്. സാമാനങ്ങൾ ഒതുക്കി വെക്കുന്ന മേൽപടിമേലും താഴത്തെ ബെഞ്ചിൻ മേലും അതിന്റെ അടിയിലുമെല്ലാം യാത്രക്കാർ തിങ്ങിനിറഞ്ഞിരിക്കുന്നു. അവരിൽ പല കൂട്ടരുമുണ്ട്. ടിക്കറ്റില്ലാത്തവരും മോഷണവിദഗ്ധരും സ്വാർത്ഥമതികളും നിസ്വാർത്ഥികളും മനഃസാക്ഷിരഹിതരും സഹിതരും ദയാലുക്കളും നിർഭയരും എന്നുവേണ്ട - സർവവിധക്കാരും കൂടിച്ചേർന്നൊരു അവിയലാണ് അവിടം അതാത് സത്വരജസ്തമോഗുണാത്മക പ്രപഞ്ചത്തിന്റെ ഒരു കൊച്ചുപതിപ്പാണ് ആ ബോഗിയെന്നർത്ഥം.

ചിലർ രാഷ്ട്രീയ വാദപ്രതിവാദത്തിൽ മുഴുകി സ്വയം മറന്ന് ശബ്ദ മലിനീകര ണമാണ് നടത്തുന്നതെങ്കിൽ മറ്റു ചിലർ സംഭവ - സംഭവ്യ കല്പിതൈതിഹ്യപര മ്പരയിൽ ലയിച്ചു കൊണ്ടിരിക്കുകയാണ്. ധർമ്മത്തിന്റെ ആദ്യസോപാനമായ സദാചാരം കൂടി അറിയാത്ത അസഭ്യാസംസ്കൃത മാനവ കോലങ്ങൾ ചവച്ചു തുപ്പിയ ഭക്ഷ്യവസ്തുക്കളുടെ അവശിഷ്ടങ്ങൾ, കാക്ക ചിക്കിപ്പരത്തിയ പോലെ ബോഗിയിൽ ചിന്നിക്കിടക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, ത്രിഗുണാത്മക കർമ്മ ജന്യസംസ്കാര വൈരുദ്ധ്യമാർന്ന പ്രപഞ്ചനാടകത്തിന്റെ ഒരു കൊച്ചു പ്രദർശനം കാണാം. പാച്ചൻ നവരസതരംഗിത നാടക വൈശിഷ്ട്യത്താൽ രമിച്ചിരുന്നു സ്വല്പനേരം.

ആട്ടം കഴിഞ്ഞ് ക്ഷീണിച്ചുവന്ന് ചുമരും ചാരി അഥവാ കളിക്കോപ്പുമേൽ ചാരിമ യങ്ങുന്ന നടനെന്നോണം ഓരോരുത്തരു ചാഞ്ഞും ചെരിഞ്ഞും കമിഴ്ന്നും മലർ ന്നും ചുരുണ്ടും ഉള്ള വിടവിൽ മയങ്ങി. പാച്ചന് ചിന്തമൂലം ഉറക്കം വന്നില്ല. ധ്യാ നാഭ്യാസനത്തിലെ ആദ്യാനുഭവം പോലെ കുറച്ചു കഴിഞ്ഞാൽ ഒരു നാട്ടുവെളി ച്ചം കിട്ടുമല്ലോ? അത് ഇരുളിന്റെ സംഭാവനയാണെന്ന് പാച്ചന് തോന്നി.

(തുടരും)

**യന്തി പ്രമാദമതന്ദ്രാഃ (സാമം 721)**

**ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു**

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ. എം. രാജൻ

ചിത്തത്തിന്റെ നിർമാണത്തിന് സത്വഗുണത്തിന്റെ പ്രാധാന്യമേറെയുണ്ട്. എന്നാലതിൽ രജോഗുണവും തമോഗുണവും കൂടി ചേർന്നു കിടക്കുന്നുണ്ട് ചിത്തത്തിൽ രജോഗുണത്തിന്റേയും തമോഗുണത്തിന്റേയും ഉയർച്ചയുണ്ടാവുമ്പോൾ മനുഷ്യർ വിവിധ ഐശ്വര്യങ്ങളെ ആഗ്രഹിക്കുന്നു. ഇത് ചിത്തത്തിന്റെ ക്ഷിപ്താവസ്ഥയാണ്.

എപ്പോഴാണോ തമോഗുണത്തിന്റെ സ്വാധീനം കൂടുതൽ അനുഭവപ്പെടുന്നത്, അപ്പോൾ ആ വ്യക്തിക്ക് അധർമം, അജ്ഞാനം മുതലായവ അധികം പ്രിയമുള്ളതായിത്തീരുന്നു. ഇത് ചിത്തത്തിന്റെ മൂഢാവസ്ഥയാണ്.

എപ്പോഴാണ് തമോഗുണം കുറഞ്ഞ് രജോഗുണത്തിന്റെ സ്വാധീനമുണ്ടാവുന്നത് അപ്പോൾ ആ വ്യക്തിക്ക് ധർമ്മം, ജ്ഞാനം, വൈരാഗ്യം എന്നിവയിൽ അധികം താൽപര്യമുണ്ടാവുന്നു. ഇത് ചിത്തത്തിന്റെ വിക്ഷിപ്താവസ്ഥയാണ്.

എപ്പോഴാണോ സത്യഗുണത്തിന്റെ പ്രാധാന്യം വർധിക്കുന്നതും രജോഗുണം, തമോഗുണം എന്നിവയുടെ അളവ് കുറയുകയും ചെയ്യുന്നത് അപ്പോൾ സാധക ധർമ്മമേഘസമാധിയിൽ എത്തിച്ചേരുന്നു. ഈ അവസ്ഥയെ യോഗികൾ 'പരംപ്രസംഖ്യാന'മെന്ന നാമത്താൽ പറയപ്പെടുന്നു. ഈ സമാധിയിൽ പദാർത്ഥത്തിന്റെ സ്വരൂപം നല്ലവണ്ണം ബോധ്യമാവുന്നു. ഇത് ചിത്തത്തിന്റെ ഏകാഗ്രാവസ്ഥയാണ്.

ഇത്തരത്തിലുള്ള വിവിധ മാറ്റങ്ങൾ ചിത്തത്തിലാണ് ഉണ്ടാവുന്നത്, ജീവാത്മാവിലല്ല. എന്തെന്നാൽ ചിത്തം പരിവർത്തനശീലമുള്ളതാണ്. അത് ഉൽപ്പന്നമാവുകയും നഷ്ടമാവുകയും ചെയ്യുന്നു. ജീവാത്മാവ് അപരിവർത്തന ശീലനാണ്. അത് ഉൽപ്പന്നമാവുകയോ, നഷ്ടമാവുകയോ ചെയ്യുന്നില്ല.

ധർമ്മമേഘ സമാധിയുടെ സമയത്ത് ബുദ്ധിയുടെയും ജീവാത്മാവിന്റേയും വ്യത്യസ്തമായ സ്വരൂപങ്ങൾ അറിയാൻ കഴിയുന്നു. ഈ ജ്ഞാനത്തിന്റെ പേര് 'വിവേകഖ്യാതി'യെന്നാണ്. ജീവാത്മാവ് ഇതിൽ നിന്നും ഭിന്നമാണ്. എപ്പോഴാണോ ധർമ്മമേഘ സമാധിയെ പ്രാപിച്ച യോഗി, വിവേകഖ്യാതി'യിലും ദോഷം കാണുന്നത് അപ്പോൾ അതിനേക്കാളും വൈരാഗ്യമുള്ളവനായിത്തീരുന്നു. ഇത് 'പരവൈരാഗ്യ'മാണ്. അസംപ്രജ്ഞാതസമാധിയുടെ സാധനമാണിത്.

(തുടരും)

**ബൃഹദ് വദേമ വിവഥേ സുവീരാഃ (യജുർവേദം 34.58)**

**ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും**



(മുൻലക്കത്തിന്റെ തുടർച്ച)

# അഷ്ടാധ്യായി പ്രവേശിക

ആചാര്യ ബൽദേവ് നൈഷ്ഠിക്
തർജ്ജമ : ബ്രഹ്മചാരി വിഷ്ണു ആര്യ

## അഷ്ടാധ്യായി പ്രവേശിക

**ചോദ്യം: അധ്യായം, പാദം, സൂത്രം എന്നിവയെ എങ്ങനെയാണ് സൂചിപ്പിക്കുക?**

**ഉത്തരം :** ഇവയെ പ്രഥമ, ദ്വിതീയ, തൃതീയ എന്നീ സംഖ്യാക്രമത്തിൽ അറിയേണ്ടതാകുന്നു. ആദ്യത്തെ സംഖ്യ അദ്ധ്യായത്തെയും രണ്ടാമത്തെ സംഖ്യ പാദത്തെയും മൂന്നാമത്തെ സംഖ്യ സൂത്രത്തെയും സൂചിപ്പിക്കുന്നു. ഉദാഹരണമായി ഒരാൾ പറയുന്നു- "4 .3. 53 സൂത്രം എടുക്കൂ". അപ്പോൾ നമ്മൾ നാലാമത്തെ അദ്ധ്യായത്തിലെ മൂന്നാം പാദത്തിലെ അമ്പത്തി മൂന്നാമത്തെ സൂത്രമായ 'തത്രഭവഃ' എന്ന സൂത്രമാണ് എടുക്കേണ്ടത്. ഇതുപോലെ 1. 1. 1. എന്നു പറയുകയാണെങ്കിൽ ഒന്നാമത്ത അദ്ധ്യായത്തിലെ ഒന്നാം പാദത്തിലെ ആദ്യത്തെ സൂത്രമായ 'വൃദ്ധിരാദൈച്' എന്നതിനെ മനസ്സിലാക്കണം. ഇപ്രകാരം തന്നെ മറ്റിടങ്ങളിലും അറിയേണ്ടതാണ്.

### പ്രതിജ്ഞാ സൂത്രം - അഥ ശബ്ദാനുശാസനം

**ചോദ്യം : 'അഥ' എന്ന ശബ്ദത്തിന്റെ അർത്ഥമെന്താണ്?**

**ഉത്തരം :** 'അഥ' എന്ന ശബ്ദം അധികാരത്തെ സൂചിപ്പിക്കുന്നു. അതായത് ശബ്ദാനുശാസനത്തിന്റെ അധികാരം (വിഷയം) ഇവിടെ നിന്ന് മുന്നോട്ട് അറിയേണ്ടതാണ്.

**ചോദ്യം : ഏതിനെയാണ് ശബ്ദാനുശാസനമെന്നു വിളിക്കുന്നത്?**

**ഉത്തരം :** വ്യാകരണത്തെയാണ് ശബ്ദാനുശാസനമെന്നു വിളിക്കുന്നത്.

ഇതി സാമാന്യ പ്രകരണം

### ദ്വിതീയ പ്രകരണം

പ്രത്യാഹാര പ്രകരണം

പ്രത്യാഹാര സൂത്രാണി

1) അഇഉണ്, 2) ഋഌക് , 3) ഏഓങ്, 4) ഐഔച്, 5) ഹയവരട്, 6) ലണ്,
7) ഞമങണനമ്, 8) ഝഭഞ്, 9) ഘഢധഷ്, 10) ജബഗഡദശ്, 11) ഖഫഛഠഥ ചടതവ്, 12) കപയ്, 13) ശഷസര്, 14) ഹല്

॥ ഇതി ചതുർദശ പ്രത്യാഹാര സൂത്രാണി॥

മുകളിൽ പറഞ്ഞ 14 സൂത്രങ്ങളെയാണ് പ്രത്യാഹാര സൂത്രങ്ങൾ എന്ന് വിളിക്കുന്നത്.

(തുടരും)

*ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10. 28)*
*ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു*



(മുൻലക്കത്തിന്റെ തുടർച്ച)

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി

തർജ്ജമ : കെ. എം. രാജൻ

**ലാൽ** ബുദ്ധക്കഡന് ഇത് തീരെ ഇഷ്ടപ്പെട്ടില്ല. ആറുമാസത്തിനകം ഈ കുട്ടി മരിക്കുമെന്നയാൾ പറഞ്ഞു. എന്തെന്നാൽ താൻ പറഞ്ഞപോലെ ചെയ്തിരുന്നുവെങ്കിൽ ഇവൻ മരിക്കുമായിരുന്നു. അപ്പോൾ ബാലന്റെ അച്ഛനുമമ്മയും ഭയന്ന് ഇനിയെന്ത് ചെയ്യണമെന്നു ചോദിച്ചു. ഇതുകേട്ട, അടുത്ത ഗ്രാമത്തിൽ നിന്നു വന്ന സ്ത്രി പറഞ്ഞു - "ഇതു കള്ളമാണ്. കൈ വെട്ടിയിരുന്നുവെങ്കിൽ ഇവൻ ഇപ്പോൾ തന്നെ മരിക്കുമായിരുന്നു. അപ്പോൾ നിങ്ങൾ എന്തു ചെയ്യുമായിരുന്നു? മരണത്തിൽ നിന്നു രക്ഷനേടാൻ ഒരു മരുന്നുമില്ല." ഇതുകേട്ടപ്പോൾ അവരുടെ ഭയം നീങ്ങി.

സത്യാചരണത്താൽ നാശമുണ്ടാകുമെന്നും അസത്യം കൊണ്ടു മാത്രമേ വിജയമുണ്ടാവുകയുള്ളൂവെന്നും പറയുന്നവർ മഹാ മൂഢരാണ്. എന്നാൽ ഒരാൾക്ക് ഏതെങ്കിലും വ്യവഹാരത്തിൽ അസത്യം വെളിപ്പെട്ടുവെങ്കിൽ അയാളുടെ അതിലുള്ള സർവ്വ വിശ്വാസങ്ങളും നഷ്ടമായിപ്പോകുന്നു. എപ്പോഴാണോ എല്ലാ വ്യവഹാരങ്ങളിലും കള്ളം ഉപേക്ഷിച്ച് സത്യം പറയുന്നത്, അപ്പോൾ അയാൾക്ക് ലാഭം മാത്രമാണുണ്ടാവുക. ഹാനി ഒരിക്കലും ഉണ്ടാവില്ല. എന്തെന്നാൽ സത്യാചരണം ധർമ്മവും അതിന് വീപരീതമായത് അധർമ്മവുമാണ്. ധർമ്മത്തിന് സുഖം ലാഭവും അധർമ്മത്തിന്റേത് ദുഃഖവുമാണ് ഫലം.

പ്രമാണം നോക്കുക :-

1. **ഇദമഹമനൃതാത്സത്യമുപൈമി॥** (യജുർവേദം 1.5)
2. **സത്യമേവ ജയതി നാƒനൃതം സത്യേന പന്ഥാ വിതതോ ദേവയാനഃ**
3. **യേനാക്രമന്ത്യൃഷയോ ഹ്യാപ്തകാമാ യത്ര തൽസത്യസ്യ പരമം നിധാനം॥** 2 ॥ (മുണ്ഡകോപനിഷത്ത് 3.1.6)

**നഹി സത്യാൽപരോ ധർമോ നാനൃതാൽപാതകം പരം ॥ 3 ॥** തുടങ്ങിയവ.

അർത്ഥം: സർവഥാ അസത്യാചരണങ്ങളെ ത്യജിച്ച് സത്യാചരണങ്ങളിൽ ഏർപ്പെടുന്നതാണ് മനുഷ്യത്വം (1)

എന്തെന്നാൽ എല്ലായ്പ്പോഴും സത്യത്തിന് വിജയവും അസത്യത്തിന് പരാജയവും ഉണ്ടാവുന്നു. അതിനാൽ സത്യത്തിന്റെ വഴിയിലൂടെ ഗമിച്ച ധാർമികരായ ഋഷിമാർ സത്യത്തിന്റെ നിധിയായ പരമാത്മാവിനെ പ്രാപിച്ച് ആനന്ദിതരായിട്ടുണ്ട്. ഇപ്പോഴും ആകുന്നുമുണ്ട് അവയുടെ സേവനം മനുഷ്യർക്ക് എന്തുകൊണ്ട് ചെയ്തുകൂടാ? (2)

(തുടരും)

**തേന ത്വക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)**

**ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !**

(മുൻ ലക്കത്തിന്റെ തുടർച്ച)

# വേദങ്ങളെ അറിയുക

ഡോ .വിവേക് ആര്യ,
തർജ്ജമ: കെ.എം. രാജൻ

## അദ്ധ്യായം-3 വേദങ്ങളിൽ സ്ത്രീ

**മ**ധ്യകാലഘട്ടത്തിൽ ബംഗാളിലെ ചില പണ്ഡിതർ ഋഗ്വേദത്തിലെ 10.18. 7ലെ 'അഗ്രേ' എന്ന സ്ഥാനത്ത് 'അഗ്നേ' എന്നു വായിച്ച് സതിസമ്പ്രദായത്തെ വൈദികമായി വ്യാഖ്യാനിക്കാനാഗ്രഹിച്ചിരുന്നു. എന്നാലിത് കേവലം അസത്യഭാഷണം മാത്രമാണ്. ഈ മന്ത്രത്തിൽ ഗൃഹപ്രവേശനസമയത്ത് വധുവിനോട് 'അഗ്രേ' (മുന്നോട്ട് പോവുക) എന്നു പറയുന്നതാണ്.

ഇപ്രകാരം വേദമന്ത്രങ്ങളെ തെറ്റായി വ്യാഖ്യാനിച്ച് സതിസമ്പ്രദായത്തെ വൈദികമാക്കാൻ ശ്രമിച്ചിട്ടുണ്ട്. ആധുനികഭാരതത്തിലെ ചിന്തകൻമാരായിരുന്ന രാംമോഹൻറായ്, ഈശ്വരചന്ദ്രവിദ്യാസാഗർ, സ്വാമി ദയാനന്ദൻ എന്നിവരുടെ പരിശ്രമത്താൽ സതിസമ്പ്രദായം അവസാനിച്ചു.

ചോദ്യം 5 : സ്ത്രീകൾക്ക് വേദാദ്ധ്യയനത്തിന് അധികാരമില്ലേ?

ഉത്തരം : സ്ത്രീകൾക്കും ശൂദ്രർക്കും വേദാദ്ധ്യയനത്തിന് അധികാരമില്ലെന്ന് അജ്ഞാനികളായ ചിലർ പറഞ്ഞു പരത്തിയിട്ടുണ്ട്. എന്നാൽ ഇതിനു സാധ്യത നൽകുന്ന ഒരു വേദമന്ത്രവും ആർക്കും ചൂണ്ടിക്കാണിക്കാനായിട്ടില്ല. എന്നാൽ സ്ത്രീകളുടെ വേദാദ്ധ്യയനത്തിനുളള അധികാരത്തെ സ്പഷ്ടമാക്കുന്ന നിരവധി സന്ദേശങ്ങൾ വേദങ്ങൾ നൽകുന്നുണ്ടുതാനും ഋഗ്വേദം 10.191.3ൽ ഈശ്വരൻ ഉപദേശിക്കുന്നു. "അല്ലയോ സ്ത്രീ പുരുഷൻമാരെ! ഈ മന്ത്രം നിങ്ങൾക്ക് സമാനമായാണ് നൽകിയിരിക്കുന്നത്. അതുപോലെ നിങ്ങളുടെ പരസ്പരവിചാരവും സമാനമായിരിക്കട്ടെ. ഞാൻ നിങ്ങൾക്ക് സമാനരൂപത്തിൽ ഗ്രന്ഥങ്ങളുടെ ഉപദേശം നൽകുന്നുണ്ട്".

അഥർവ്വവേദം സന്ദേശം നൽകുന്നത് നോക്കുക. "ബ്രഹ്മചര്യപാലനം നടത്തി കന്യക വരനെ സ്വീകരിക്കട്ടെ" എന്ന്. ബ്രഹ്മചര്യമെന്നതിന് ബ്രഹ്മം അതായത് വേദമാർഗ്ഗത്തിൽ ചരിക്കുക, ജ്ഞാന പ്രാപ്തി നേടുക എന്നാണ്.

അഥർവ്വവേദം 14.1.64. ൽ നവവധുവിനെ സംബോധന ചെയ്തുകൊണ്ട് പറയുന്നു "അല്ലയോ വധു! നിന്റെ മുന്നിലും പിന്നിലും മദ്ധ്യത്തിലും അവസാനത്തിലും സർവത്ര വേദവിഷയകമായ ജ്ഞാനമുണ്ടാവട്ടെ. വേദജ്ഞാനം നേടി അതിനനുസരിച്ച് തന്റെ പൂർണ്ണജീവിതത്തെ നയിക്കൂ."

(തുടരും)

ധർമ്മം ചര (തൈ. ഉ. 1.11.1)
ധർമ്മാചരണം ചെയ്യൂ !

(മുൻലക്കത്തിന്റെ തുടർച്ച)

ആര്യവീർദളം - ബാലപംക്തി

ആര്യവീരഗാഥ - 2



# അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം

കെ. എം. രാജൻ

**ലേ**ഖ്റാമിന്റെ അമ്മ അടുക്കളയിലായിരുന്നു. അദ്ദേഹത്തിന്റെ ധർമ്മ പത്നി തന്റെ മുറിയിലിരുന്ന് എന്തോ വായിച്ചു കൊണ്ടിരിക്കുന്നു സമയം ഒരുപാടായി എന്നും നിങ്ങളും പോയി വിശ്രമിച്ചുകൊള്ളുക എന്നും ലേഖ്റാം ഘാതകനോട് പറഞ്ഞു. എന്നാലയാൾ അത് ചെവിക്കൊളളാതെ അവിടെ തന്നെയിരുന്നു കുറച്ചുകഴിഞ്ഞപ്പോൾ ലേഖ്റാമിന്റെ അമ്മ അദ്ദേഹത്തോട് എണ്ണ കഴിഞ്ഞിരിക്കുന്നുവെന്ന് അടുക്കളയിൽ നിന്നു വിളിച്ചു പറഞ്ഞു. പണ്ഡിറ്റ് ലേഖ്റാം അപ്പോൾ മഹർഷി ദയാനന്ദന്റെ മരണത്തിന്റെ അന്തിമദൃശ്യം എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. ലേഖ്റാം ഉടൻ കട്ടിലിൽ നിന്നെഴുന്നേറ്റ് കണ്ണടച്ച് കൈകൾ രണ്ടും മുകളിലോട്ട് ഉയർത്തി ആലസ്യം തീർത്തുകൊണ്ട് പറഞ്ഞു. "അയ്യോ! ഞാനത് മറന്നുപോയി".

ലേഖ്റാമിന്റെ നെഞ്ചിൽ കത്തി കുത്തിയിറക്കാൻ ഘാതകൻ തക്കം പാർത്തിരിക്കുകയായിരുന്നു. വളരെ സമർത്ഥമായി അയാൾ തന്റെ കത്തി വലിച്ചൂരി ലേഖ്റാമിന്റെ ഉദരത്തിൽ എട്ടുപത്തു തവണ കുത്തി. അദ്ദേഹത്തിന്റെ ഉദരത്തിൽ നിന്നും ആന്തരികാവയവങ്ങൾ പലതും പുറത്തേക്ക് വന്നു.


ആര്യപഥികൻ ഈ പൈശാചികാക്രമണത്തിൽ ഒട്ടും പരിഭ്രാന്തനായില്ല. ചെറിയ ഒരാർത്തനാദമെങ്കിലും അദ്ദേഹത്തിന്റെ മുഖത്ത് നിന്ന് പുറത്തു വന്നിരുന്നെങ്കിൽ ആളുകൾ ഓടിക്കൂടി ഈ ഘാതകനെ പിടിക്കുമായിരുന്നു.

ഇവിടെയും അദ്ദേഹത്തിന്റെ നിർഭയത്വം പ്രകടമായി. ലേഖ്റാം ഇടതു കൈ കൊണ്ട് വയറു പൊത്തിപ്പിടിച്ച് വലതുകൈ കൊണ്ട് ആ ഘാതകനെ അദ്ദേഹം ഗോവണിവരെ വലിച്ചു കൊണ്ടുപോയി. അയാളിൽ നിന്ന് കത്തി പിടിച്ചു വാങ്ങി . ഇതിനിടെ ലക്ഷ്മിദേവി പുറത്ത് വന്നു. രണ്ടാമതൊരാക്രമണത്തിൽ നിന്ന് അദ്ദേഹത്തെ രക്ഷിച്ചു. ചുവന്ന കണ്ണുകളോടെ ആ ഘാതകൻ ലേഖ്റാമിനു പിറകെ വീണ്ടും ഓടാൻ ശ്രമിച്ചെങ്കിലും അദ്ദേഹത്തിന്റെ അമ്മ അയാളുടെ രണ്ടു കയ്യും പിടിച്ചു. എന്നാൽ ആ ദുഷ്ടൻ ആ അമ്മയെയും തട്ടിമാറ്റി ഇറങ്ങിയോടിപ്പോയി.

(തുടരും)

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**

**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**



# കാശി ശാസ്ത്രാർത്ഥത്തിന്റെ 150 ാം വാർഷികം

കെ. എം. രാജൻ

**ആ**ധുനിക ഭാരതചരിത്രത്തിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉണ്ടാക്കിയ ഒന്നാണ് മഹർഷി ദയാനന്ദ സരസ്വതിയുടെ ചരിത്ര പ്രസിദ്ധമായ കാശി ശാസ്ത്രാർത്ഥം. ഭാരതത്തിലെ പൗരാണിക കേന്ദ്രങ്ങളിലൊന്നായിരുന്നു കാശി. അവിടെ കടന്നു ചെന്ന് വൈദിക ശംഖനാദം മുഴക്കാൻ ദയാനന്ദൻ എന്ന മഹായോഗിക്ക് മാത്രമേ കഴിഞ്ഞിട്ടുള്ളൂ. മഹർഷിയുടെ ജീവചരിത്രത്തിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത് ഏഴു തവണ അദ്ദേഹം കാശിയിൽ പോയി പ്രചാരം നടത്തിയിട്ടുണ്ട് എന്നാണ്. കാശിയിലെ പൗരാണിക പണ്ഡിതൻമാരുമായി സ്വാമിജി നടത്തിയ പ്രസ്തുത ശാസ്ത്രാർത്ഥം അദ്ദേഹത്തിന്റെ രണ്ടാമത്തെ യാത്രയിലായിരുന്നു. കൃത്യമായിപ്പറഞ്ഞാൽ 1869 നവംബർ 16 നായിരുന്നു. ആ ശാസ്ത്രാർത്ഥം നടന്നത്. ശാസ്ത്രാർത്ഥത്തിന് പണ്ഡിതരെ വെല്ലുവിളിച്ചുകൊണ്ട് സംസ്കൃതത്തിലും ഹിന്ദിയിലും വിജ്ഞാപനങ്ങൾ തയ്യാറാക്കി. കാശിയിലെ അന്നത്തെ പ്രധാന കേന്ദ്രങ്ങളായിരുന്ന സ്നാനഘട്ട്, ബാസാർ, രാജപഥ് തുടങ്ങിയ ജനങ്ങൾ ഏറെ വരുമായിരുന്ന സ്ഥലങ്ങളിലെല്ലാം പതിച്ചിരുന്നു. വിജ്ഞാപനത്തിലെ പ്രസക്തഭാഗങ്ങൾ ഇപ്രകാരമായിരുന്നു.

### വിജ്ഞാപന പത്രം

പണ്ഡിതനായ സ്വാമി ദയാനന്ദ സരസ്വതി കാശിയിൽ ശ്രീയുത് മഹാരാജാവ് വിജയനഗർ അധിപതിയുടെ ആനന്ദ ബാഗിൽ താമസിച്ചു വരുന്നു.

അദ്ദേഹം വേദമതത്തിനു വിരുദ്ധമായ മറ്റൊന്നിനെയും അംഗീകരിക്കുന്നില്ല. ഈശ്വരന്റെ ഗുണകർമ്മ സ്വഭാവങ്ങൾക്കനുകൂലമല്ലാത്തതും സൃഷ്ടിക്രമം, പ്രത്യക്ഷാദിപ്രമാണങ്ങൾക്ക് അനുകൂലമല്ലാത്തതും ആപ്തന്മാരുടെ ആചാരങ്ങളും സിദ്ധാന്തങ്ങളും ആത്മാവിനെ പവിത്രമാക്കുന്ന വിജ്ഞാനത്തിനു വിരുദ്ധമായതുമായ പാഷാണാദികളുടെ വിഗ്രഹാരാധന, ജലം, സ്ഥാനവിശേഷങ്ങൾ എന്നിവക്ക് പാപനിവാരണ ശക്തിയുണ്ടെന്നും ഈ വിശ്വാസം, വ്യാസനെ പോലുള്ള മഹർഷിമാരുടെ പേരിൽ ഉണ്ടാക്കപ്പെട്ട

**സർവ്വ തദ് ഹന്മി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)**
**ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.**

വ്യാജപുരാണങ്ങൾ, ഈശ്വരന്റെ അവതാരവാദം ഈശ്വരൻ വിശ്വാസികളോട് ക്ഷമിക്കുമെന്ന വാദം, തന്റെ ഉപദേശങ്ങൾ എത്തിക്കാൻ വേണ്ടി പ്രവാചകരെ അയക്കുക. രുദ്രാക്ഷധാരണം തുടങ്ങി നിരവധി വിഷയങ്ങളെ സത്യസനാതനമായ വേദങ്ങളുടെ കാഴ്ച്ചപ്പാടിൽ നിർണയിക്കുന്നതാണ്.

ബ്രഹ്മാ ഋഷി മുതൽ ജൈമിനി പര്യന്തമുളളവർ രചിച്ച ഐതരേയ ബ്രാഹ്മണം മുതൽ പൂർവമീമാംസ വരെയുള്ള വേദാനുകൂല ആർഷ ഗ്രന്ഥങ്ങൾ എല്ലാവർക്കും മാന്യമായതിനാൽ അത്തരം ആർഷ ശാസ്ത്രങ്ങളുടെ അടിസ്ഥാനത്തിലാവും ശാസ്ത്രാർത്ഥം.

കാശി ശാസ്ത്രാർത്ഥത്തിന്റെ 150ാം വാർഷികം ആഘോഷിക്കുന്ന 2019 നവംബർ 16ന് ഭാരതത്തിലെ ആധ്യാത്മിക മേഖലകളിലെ ഇപ്പോഴത്തെ അവസ്ഥയൊന്നു പരിശോധിച്ചു നോക്കുന്നത് നല്ലതാണ്. അനാചാരങ്ങളും അന്ധവിശ്വാസങ്ങളും വ്യാജഗുരുക്കൻമാരും പതിൻമടങ്ങ് വർദ്ധിച്ചിരിക്കുന്നു. സത്യമേതാണെന്ന് അറിഞ്ഞിട്ടും പ്രതികരിക്കുവാൻ ഇച്ഛാശക്തിയും ധൈര്യവുമില്ലാത്തവരാണ് ഇന്ന് ആധ്യാത്മിക മേഖലയിൽ പ്രവർത്തിക്കുന്നവരിൽ ഏറെയും. ഈ പരിതസ്ഥിതിയിൽ മഹർഷി കാണിച്ചുതന്ന പാതയിലൂടെ വേദ പതാകയുമായി നിർഭയം നടക്കാൻ ഈ 150–ാം വാർഷികം നമ്മെ പ്രേരിപ്പിക്കട്ടെ.

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)



ആര്യസമാജം കേരളം
ഋഗ്വേദം യജുർവേദം
ओ३म्
സാമവേദം അഥർവ്വവേദം
# ദയാനന്ദ സന്ദേശം വൈദിക - ദാർശനിക മാസിക
സത്യ–സനാതന–വൈദികധർമ്മ സന്ദേശം!
അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ
വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മം) ത്തിന്റെ പാഞ്ചജന്യം!
സൗജന്യ മാതൃകാ കോപ്പിയ്ക്ക് ₹ 1/– സ്റ്റാമ്പ് അയക്കുക
വാർഷിക വരിസംഖ്യ ₹100/– ദീർഘകാലം ₹ 1500/–
വരിസംഖ്യ ( M.O) അയ്ക്കേണ്ട വിലാസം :
വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം
ആര്യസമാജം,വെള്ളിനേഴി (P.O), പാലക്കാട്–679 504
Email:dayanandasandesam@gmail.com
WhatsApp us on +91 7907077891
If you transfer Money through bank, kindly share the screen shot and your complete Postal address (With PIN) to us through our WhatsApp (+91 7907077891) or Email
**DAYANANDA SANDESAM**
**Bank Account No:4264000100072426, IFSC Code : PUNB 0426400, PUNJAB NATIONAL BANK, CHERPALCHERI BRANCH**


**പാവകവർണ്ണഃ ശുചയോ വിപശ്ചിതഃ (യജു. 33. 81).**

**വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.**




# വേദ പുഷ്പങ്ങൾ

കെ.എം. രാജൻ

**ഈ**ശ്വരീയ വാണിയായ വേദങ്ങളിൽ സർവ്വ പ്രാണികളുടെയും മംഗളത്തിനു വേണ്ടി പ്രാർത്ഥിക്കുന്ന നിരവധി മന്ത്രങ്ങളുണ്ട്. ഈശ്വരസ്തുതി, പ്രാർത്ഥന, ഉപാസന എന്നിവയ്ക്കൊക്കെ ഈ മന്ത്രങ്ങൾ വിശേഷപ്പെട്ടതാണ്. വേദങ്ങളിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന ഈ മന്ത്രങ്ങളെ വിഷയത്തിന്റെ അടിസ്ഥാനത്തിൽ ആചാര്യന്മാർ ക്രമീകരിച്ചിട്ടുണ്ട്. അവയാണ് വിവിധ സൂക്തങ്ങളായി ഇന്ന് അറിയപ്പെടുന്നത്. പുരുഷസൂക്തം, ഭാഗ്യസൂക്തം, സരസ്വതീസൂക്തം, ശ്രീരുദ്രം, മേധാസൂക്തം, ഐകമത്യസൂക്തം എന്നിങ്ങനെ പല പേരിലുള്ള സൂക്തങ്ങളുണ്ട്. ഇവയിൽ ചില സൂക്തങ്ങൾ അതാതിടത്തെ ക്രമമനുസരിച്ചാണെങ്കിൽ മറ്റു ചിലത് വേദങ്ങിലെ വിവിധ ഭാഗങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത് ക്രമപ്പെടുത്തിയതാണ്. ഈ സൂക്തങ്ങളെ ഒന്നു പരിചയപ്പെടുത്താനുള്ള ഒരു എളിയ ശ്രമമാണ് ഇവിടെ ചെയ്യുന്നത്. ആദ്യം മേധാസൂക്തത്തെക്കുറിച്ച് സ്വാദ്ധ്യായം ചെയ്യാം

**മേധാസൂക്തം എന്ത്? എന്തിന്? എങ്ങനെ?**

മേധാസൂക്തം എന്ന പേരിൽ ഒന്നിലധികം സൂക്തങ്ങൾ ഇന്ന് പ്രചാരത്തിലുണ്ട്. യജുർവേദത്തിൽ 32-ാമത്തെ അദ്ധ്യായത്തിലെ 13 മുതൽ 16 വരെയുള്ള മന്ത്രങ്ങൾക്കാണ് അതിൽ ഏറെ പ്രാമുഖ്യം മഹർഷിദയാനന്ദ സരസ്വതിയുടെ വ്യാഖ്യാനവും അതിനുണ്ട്. ഇതിനു പുറമെ തൈത്തിരീയാരണ്യകം 4.10.41-44ലും കൃഷ്ണയജുർവേദീയമായ മഹാനാരായണോപനിഷത്തിലും പാഠഭേദങ്ങളുടെ ഈ പേരിൽ ഒരു സൂക്തമുണ്ട്. ഏറ്റവും പ്രാമാണികമെന്ന് മഹർഷി ദയാനന്ദൻ പറയുന്ന ശുക്ലയജുർവേദത്തിലെ 13 മുതൽ 16 വരെയുള്ള മന്ത്രങ്ങളാണ് മേധാസൂക്തമെന്ന പേരിൽ ഇവിടെ കൊടുക്കുന്നത്. മഹർഷിയുടെ ഭാഷ്യത്തിനു പുറമെ ഈ ലേഖകന്റെ ഒരു ലഘു വിവരണവും ഇതോടൊപ്പം കൊടുക്കുന്നുണ്ട്.

(തുടരും)

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**
**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**

**എന്താണ് മേധ?**

'മേധ' എന്ന ശബ്ദത്തിന്റെ അർത്ഥത്തിന് ധാരണാശക്തി (Judgement Capacity), പ്രജ്ഞ (Wise Intellectual), ബുദ്ധി (Intellegence) എന്നൊക്കെ പറയാം. ഇത്തരം മേധാശക്തികളുള്ള വ്യക്തികളെ 'മേധാവി' എന്ന് വിളിക്കുന്നു. ബുദ്ധിയുടെ ഒരു ശക്തിവിശേഷമാണ് 'മേധ' എന്ന് ചുരുക്കത്തിൽ പറയാം. ഗ്രഹിക്കുന്ന ജ്ഞാനത്തെ ധാരണം ചെയ്ത് ഉചിതമായ സമയത്ത് പ്രകടിപ്പിക്കുന്ന ഒരു ശക്തിവിശേഷണമാണത്. ഈ മേധാപ്രാപ്തിക്കായി ഈശ്വരന്റെ വിവിധ നാമങ്ങളായ ഇന്ദ്രൻ, വരുണൻ, വായു, പ്രജാപതി, അഗ്നി എന്നിവരെ സ്തുതിക്കുന്നു. ഈ മന്ത്രങ്ങളുടെ യഥാവിധി അർത്ഥഭാവനയോടു കൂടിയുള്ള പ്രാർത്ഥനയാൽ ബുദ്ധിയിൽ പവിത്രത വരുന്നു.

ഷോഡശഃ സംസ്കാരങ്ങളിലും ഈ മന്ത്രം പ്രയോഗിക്കുന്നുണ്ട്. ജാതകർമ്മ സംസ്കാരത്തിൽ മേധയെ ഉണ്ടാക്കുന്നതായ 'മേധാജനനം', 'ആയുഷ്യകരണം' എന്നീ രണ്ട് പ്രമുഖ കർമ്മങ്ങൾ നടത്താറുണ്ട്. ബാലൻ അല്ലെങ്കിൽ ബാലിക മേധാവിയും ബുദ്ധിമാനും പ്രജ്ഞാവാനും ആകുന്നതിനു വേണ്ടി ശുദ്ധമായ പശുവിൻ നെയ്യ്, തേൻ എന്നിവ മോതിരവിരൽകൊണ്ട് "ഓം ഭുതസത്വയി ദധാമി" തുടങ്ങിയ മന്ത്രങ്ങളെക്കൊണ്ട് കുട്ടിക്ക് നൽകുന്നുണ്ട്. ഓം എന്ന് നാവിൽ എഴുതിക്കുന്നുമുണ്ട്. ദീർഘായുസ്സിനായി കുട്ടിയുടെ വലത്തെ ചെവിയിലും നാഭിക്കു സമീപവും "ഓം അഗ്നിരായുഷ്മാൻ...." തുടങ്ങിയ മന്ത്രങ്ങളാൽ ചൊല്ലാറുണ്ട്. അതേപോലെ മേധയുടെ വർദ്ധനവിന് മേധാസൂക്തത്തിനും വളരെ മഹത്വമുണ്ട്. നാം എന്തു നിരന്തരം ചെയ്യുന്നുവോ ക്രമേണ അത് നമ്മിൽ സ്വാധീനം ചെലുത്തും. വിശിഷ്ടങ്ങളായ മന്ത്രങ്ങളുടെ അർത്ഥഭാവനയോടു കൂടിയ ജപം നമ്മളിൽ വിശിഷ്ട ഗുണങ്ങളുടെ വർദ്ധനവിനു വഴി തെളിക്കും. മേധാസൂക്തത്തിന്റെ കാര്യത്തിലും ഇതു തന്നെയാണ് സംഭവിക്കുന്നത്. എന്നാൽ ഇന്ന് ഇത് വളരെയേറെ വികൃതമായാണ് പ്രചരിക്കപ്പെടുന്നത്.

(തുടരും)

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**
**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**

# ആര്യ ജഗത്തിൽ നിന്നുള്ള വാർത്തകൾ

## അങ്ങാടിപ്പുറത്ത് ആര്യസമാജത്തിന്റെ വേദപഠനകേന്ദ്രം ഉദ്ഘാടനവും വേദശിബിരവും



**അ**ങ്ങാടിപ്പുറം: ആര്യസമാജത്തിന്റെ ഒരു വേദപഠനകേന്ദ്രം കഴിഞ്ഞ സെപ്തബർ 28ന് വൈകുന്നേരം 4ന് വിശേഷാൽ അഗ്നിഹോത്രത്തോടെ പ്രവർത്തനമാരംഭിച്ചു. അങ്ങാടിപ്പുറത്തെ പ്രശസ്ത വൈദികൻ ആയ പന്തലക്കോട്ട് നാരായണൻനമ്പൂതിരി വേദമന്ത്രാലാപനത്തോടു കൂടിയാണ് ഈ കേന്ദ്രം ഉദ്ഘാടനം ചെയ്തത്. 1920 കളിൽ മലബാർ കളക്ടറായിരുന്ന ദിവാൻ സി .ഗോപാലൻനായർ ഇംഗ്ലീഷിൽ രചിച്ച 'The Mopola Rebellion1921' എന്ന പുസ്തകത്തിന്റെ, ശ്രീ പി നാരായണൻ നടത്തിയ മലയാള വിവർത്തനം പ്രകാശനം ചെയ്യുകയുമുണ്ടായി. ഇതോടൊപ്പം ആര്യപ്രചാരക് ശ്രീ. കെ എം രാജൻ തയ്യാറാക്കിയ ഏഴു പുസ്തകങ്ങളുടെ പ്രകാശനവും നടന്നു. ഒക്ടോബർ12 ന് ശനിയാഴ്ച കാലത്ത് 9 മുതൽ 3.30 വരെ ഒരു വേദപഠന ശിബിരവും ഈ കേന്ദ്രത്തിൽ വെച്ചു നടക്കുകയുണ്ടായി സർവ്വശ്രീ എസ് ശ്രീധരശർമ്മ, കെ ഗോവിന്ദപ്രസാദ്, കെ എം രാജൻ, ശ്രീമതി അജിത ഗണേഷ് എന്നിവർ ക്ലാസുകൾ നയിച്ചു.



യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)
രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2017-19*

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ (സ്റ്റോക്ക് ഉള്ളത്)

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ - Rs.250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ - Rs.60.00
3. വൈദിക ധർമ്മ ആര്യസമാജ പ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി.
   തർജ്ജമ : കെ.എം.രാജൻ - Rs. 40.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ - Rs. 10.00
5. സത്യാർത്ഥ പ്രകാശം എന്ത്? എന്തിന്? - കെ.എം.രാജൻ - Rs. 10.00
6. വൈദിക നിത്യകർമ്മവിധി - കെ.എം.രാജൻ - Rs. 20.00
7. വേദാന്തിധ്വാന്ത നിവാരണം - Rs. 25.00
   മഹർഷിദയാനന്ദ സരസ്വതി. തർജ്ജമ : കെ.എം.രാജൻ
8. പൂനാ പ്രവചനം (ഉപദേശമഞ്ജരി) - Rs. 200.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
9. ആര്യോദ്ദേശ്യ രത്നമാല - Rs. 25.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
10. സംശയനിവാരിണി - Rs. 200.00
    ശ്രീ.മദൻ രഹേജ തർജ്ജമ : കെ.എം.രാജൻ
11. വേദ പ്രകാശം പാഠാവലി - കെ.എം.രാജൻ - Rs. 40.00
12. മഹർഷി ദയാനന്ദ സരസ്വതി (ജീവചരിത്രം) - കെ.എം.രാജൻ - Rs. 60.00
13. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ - Rs. 35.00
14. ശിവസങ്കല്പം - കെ.എം.രാജൻ - Rs. 30.00
15. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - കെ.എം.രാജൻ - Rs. 40.00
16. വൈദിക ഈശ്വരൻ - കെ.എം.രാജൻ - Rs. 35.00
17. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - കെ.എം.രാജൻ - Rs. 60.00
18. 1921 മാപ്പിള ലഹള - ദിവാൻ ബഹാദൂർ സി.ഗോപാലൻനായർ - Rs. 250.00

**(പോസ്റ്റേജ് ചെലവ് പുറമെ)**

**അച്ചടിയിലുള്ളവ**

1. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി, തർജ്ജമ : കെ.എം.രാജൻ
2. യോഗദർശനം
   (മഹർഷി വ്യാസഭാഷ്യസഹിതം) - സ്വാമി സത്യപതി പരിവ്രാജക്
   തർജ്ജമ. കെ.എം.രാജൻ
3. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ, തർജ്ജമ : കെ.എം.രാജൻ
4. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ
5. പുരാണങ്ങൾ സത്യവും മിഥ്യയും - കെ.എം.രാജൻ

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad-679 504. Printed at Mudra Printers, Cherpulassery. and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan

**Email: dayanandasandesam@gmail.com Phone: 7907077891, 9562529095**